FRIDAY 10.05.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/05/2024

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്ക് സബ്സിഡി നൽകുന്നു. പായ്ക്ക്ഹൗസ്, സംയോജിത, ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസ്, പ്രീ കൂളിംഗ് യൂണിറ്റ്, കോൾഡ് റൂം (സ്റ്റേജിംഗ്), മൊബൈൽ പ്രീകൂളിംഗ് യൂണിറ്റ്, കോൾഡ്സ്റ്റോറേജ് (ടൈപ്പ് 1, ടൈപ്പ് 2), റീഫർ വാൻ, ഗുണമേന്മ പരിശോധന ലാബ് (ക്വാളിറ്റി കൺട്രോൾ/അനാലിസിസ് ലാബ്), കൂൺ ഉത്പാദന യൂണിറ്റ് എന്നിവക്കാണ് സബ്സിഡി. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 100 ശതമാനവും സ്വകാര്യ മേഖല സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും 35 മുതൽ 40 ശതമാനവും സബ്സിഡി ലഭിക്കും, അപേക്ഷിക്കേണ്ട അവസാന തീയതി മേയ് 10. കുടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 2330856, 2330857 ഇമെയിൽ mdshmkerala@yahoo.co.in, വെബ്സൈറ്റ് www.shm.kerala.gov.in

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില – 1 രൂപ ഒരു കൂർക്ക തലക്ക് എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകൾ പരിമിതമായ എണ്ണത്തിൽ ഒരു റേഷൻ കാർഡിന് 10 എണ്ണം വീതം വിതരണം ചെയ്യുന്നു. അപേക്ഷകർ മെയ് മാസം 15 മുതൽ 25 വരെ 0467 2260632 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് തെങ്ങിൻ തൈകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടുതൽ തെങ്ങിൻ തൈകൾ പരമാവധി അൻപത് എണ്ണം വരെ ആവശ്യമുള്ളവർ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ബുക്കിംഗ് സമയത്ത് അറിയിക്കേണ്ടതാണ്. തൈകളുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭ്യതയ്ക്കനുസരിച്ച് ബുക്കിംഗ് പരിമിതപ്പെടുത്തുന്നതായിരിക്കും. ജൂൺ മാസം ആദ്യവാരം മുതൽ തൈകളുടെ വിതരണം അരംഭിക്കും. ഒരു തെങ്ങിൻ തൈയുടെ വില 325 രൂപ .

4. ഉഷ്ണതരംഗം വളർത്തുമൃഗങ്ങൾനഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാം. അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുന്ന പശ്ചാത്തലത്തിൽ വളർത്തുമൃഗങ്ങൾക്ക് നേരിടുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം ലഭിക്കും. വേനൽകെടുതികൾക്ക് സമാശ്വാസമായി ദുരന്തനിവാരണ നിധിയിൽ നിന്നുമാണ് ധനസഹായം അനുവദിക്കുക. സർക്കാർ മൃഗാശുപത്രികൾവഴിയാണ് ദുരന്തനിവാരണ അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. പോസ്റ്റുമോർട്ടം റിപ്പോർട്ടും സാക്ഷ്യപത്രവും ഉറപ്പായും നൽകണം. മൃഗപരിപാലകർക്ക് ഇൻഷുറൻസ് മുഖാന്തിരമുള്ള നഷ്ടപരിഹാരത്തിനും അർഹതയുണ്ട് എന്ന് ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടി**

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എൻറർപ്രിണർഷിപ്പ് ആന്റ് മാനേജ്മെൻറും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി മുരിങ്ങ പ്രോസസിങ് ആൻറ് വാല്യു അഡിഷൻ എന്ന വിഷയത്തിൽ 2024 മെയ് മാസം 10 ന് നടത്താനിരുന്ന വെബിനാർ 2024 മെയ് 17 ലേക്ക് മാറ്റി. രാവിലെ 10 മണി മുതൽ 2.00 മണി വരെയാണ് വെബിനാർ സംഘടിപ്പിക്കുന്നത്. ഫോൺ – 9894244344, 9080153435, വെബ്സൈറ്റ് – niftemt.ac.in

6. കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സംരംഭകത്വവിഭാഗം പൂക്കോട് ഡയറി സയൻസ് കോളേജിൽ വെച്ച് മെയ് 27, 28, 29 തിയ്യതികളിലായി ചീസിൻറെ (പാൽക്കട്ടി) ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും 9744975460 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 3000/- രൂപ.

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 27 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ മെയ് 26 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 27 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

8. റബ്ബറിന്റെ അകാലിക ഇലകൊഴിച്ചിൽ രോഗത്തെക്കുറിച്ചും അവയുടെ നിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2024 മെയ് 10) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

9. വിള പരിപാലന നിർദ്ദേശം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അന്തരീക്ഷ ഊഷ്മാവ്കൂടി വരുന്ന സാഹചര്യത്തിൽ തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽമണ്ണിട്ടുമൂടണം. കൊമ്പൻചെല്ലിയെ നിയന്ത്രിക്കുന്നതിന് 250 ഗ്രാംവേപ്പിൻ പിണ്ണാക്ക് 250 ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളുകളിൽ ഇട്ടു കൊടുക്കുന്നത് ഫലപ്രദമാണ്.

അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലെക്കാനിസീലിയംലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വിളകളിലെ കീടനിയന്ത്രണത്തിന് കഴിവതും ജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. ജൈവകീടനാശിനികൾ തയ്യാറാക്കി അന്നുതന്നെ ഉപയോഗിക്കണം.